**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്തിലെ വാലിൽ കോളനിയിലേക്കുള്ള വഴി വികസിപ്പിക്കുന്നതിനായി 195.10 ച. മീ. സ്ഥലം 2013 -ലെ ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് ഭരണാനുമതി നല്കി - ഉത്തരവാകുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2493/2019/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 07.11.2019.

പരാമർശം - 1)മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 24/05/2016 -ലെ VIII-ാം നമ്പർ, 28/10/2019- ലെ 1 (1)-ാംനമ്പർ തീരുമാനങ്ങൾ.

2)മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20.06.2016- ലെ എ 3-18/16 നമ്പർ കത്ത്.

3)പഞ്ചായത്ത് ഡയറക്ടറുടെ 05/09/2018 തീയതിയിലെ സി2-24148/17 നമ്പർ കത്ത്.

4)GO(Ms.)No.56/2019/RD dated 14/2/2019.

5)മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05/11/2019- ലെ എ 3-371/19 നമ്പർ കത്ത്.

**ഉത്തരവ്**

മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്തിലെ വാലിൽ കോളനിയിലേക്ക് നിലവിൽ 3 അടി വീതിയിലും 210 അടി നീളത്തിലും ഉള്ള വഴി വികസിപ്പിക്കുന്നതിനായി പാതയുടെ ഇരുവശത്തുള്ള രണ്ട് സ്വകാര്യ വ്യക്തികളിൽ നിന്നും 195.10 ച. മീ. ഭൂമി ഏറ്റെടുക്കാൻ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിലേയ്ക്ക് അപേക്ഷിച്ചിരുന്നു. മാവേലിക്കര താലൂക്കിൽ തെക്കേക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 10 - ൽ 254/16, 257/3 എന്നീ സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട 10 അടി വീതിയിൽ 210 അടി നീളത്തിൽ 195.10 ച മീ സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ടിയാണ് പഞ്ചായത്ത് ഡയറക്ടർ അപേക്ഷ നൽകിയിരുന്നത്. ടി സ്ഥലം ഏറ്റെടുക്കുന്നതിനായി പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ 30 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (5)പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്തിലെ വാലിൽ കോളനിയിലേക്കുള്ള വഴി വികസിപ്പിക്കുന്നതിനായി മാവേലിക്കര താലൂക്കിൽ തെക്കേക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 10 -ൽ 254/16, 257/3 എന്നീ സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട 10 അടി വീതിയിൽ 210 അടി നീളത്തിൽ 195.10 ച മീ സ്ഥലം പാതയുടെ ഇരുവശത്തുള്ള രണ്ട് സ്വകാര്യ വ്യക്തികളിൽ നിന്നും 2013 - ലെ ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് ടി ചട്ടങ്ങളിലെയും പരാമർശം (4)-ലെയും വ്യവസ്ഥകൾ കർശനമായി പാലിച്ച് ഭൂമി ഏറ്റെടുക്കണമെന്ന വ്യവസ്ഥയിൽ ഏറ്റെടുക്കുന്നതിന് മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്തിന് ഭരണാനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**സബിത എസ്. ഡി.**

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്,എൽ.ബി.എ & എ&ഇ ), തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
റവന്യൂ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ